(ബി) പൊതുജനാരോഗ്യ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് പൊതു ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകാനിടയുള്ള കാര്യങ്ങൾ മുൻനിർത്തിയാണ് പരിശോധന നടത്തിയത്.

(സി) തിരു-കൊച്ചി പൊതുജനാരോഗ്യ നിയമം 1955, മദിരാശി പൊതു ജനാരോഗ്യ നിയമം 1939 പ്രകാരവുമാണ് പരിശോധന നടത്തി നടപടി എടുത്തത്.

(ഡി) സ്വകാര്യ ആശുപത്രി, ക്ലിനിക്കുകൾ, ലബോറട്ടറികൾ, നേഴ്സിംഗ് ഹോം തുടങ്ങിയവയുടെ നിയന്ത്രണം, ഫീസ് ഏകീകരണം, രജിസ്ട്രേഷൻ എന്നിവയ്ക്കു വേണ്ടി 'ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൺ റിസോഴ്സ് ഡെവലപ്പ്മെന്റ് ഇൻ ഹെൽത്ത് സെക്ടറിന്റെ പ്രവർത്തനം

125 (790) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ :

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് ഇൻ ഹെൽത്ത് സെക്ടറിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ബി) ഇതിനായി കഴിഞ്ഞ ബഡ്ജറ്റിൽ എത്ര രൂക വകയിരുത്തിയിരുന്നു വെന്നും ഏതെല്ലാം പദ്ധതികൾക്കായി എത്ര രൂക വീതം ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് ഇൻ ഹെൽത്ത് സെക്ടർ ആരോഗ്യവകുപ്പിനുകീഴിൽ നടപ്പാക്കിയിട്ടില്ല.

(ബി) 500 ലക്ഷം രൂപ അധിക കേന്ദ്രസഹായമായി വകയിരുത്തിയിരു ന്നെങ്കിലും പ്രസ്തുത രൂക അനുവദിച്ചിട്ടില്ല.

ചെക്ക്പോസ്റ്റുകളിൽ ഭക്ഷ്യപരിശോധനാ ലാബുകൾ

126 (791) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ചെക്കുപോസ്റ്റുകളിലും ഭക്ഷ്യപരിശോധനാ ലാബുകൾ സ്ഥാപി ച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly